പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4265.

25.06.2014-ലെ മറുപടിയ്ക്ക്

## ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ ബാക്ക് വാട്ടർ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) തുടക്കം കുറിച്ചിട്ടുണ്ട്. പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ ആലപ്പുഴ മെഗാ കായൽ ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും 4.62 കോടി രൂപയുടെ സംസ്ഥാന വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി 3 വർഷത്തിനകം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;<br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) യും (സി)യും<br>കായലോര ടൂറിസത്തിന് കേരളത്തിന്റെ സവിശേഷതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ആലപ്പുഴ കായൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്.<br>കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ |

വാടക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുതുക്കിപ്പണി, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ, എന്നിവയുടെ പുനരുദ്ധാരണം, അരൂകുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ, വട്ടകായൽ, കരുമാടി വിളക്കുമരം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം, തുടങ്ങിയ നിരവധി പ്രവൃത്തികളുണ്ട്. കൂടാതെ ആലപ്പുഴ കായലിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന ബോട്ട പകടങ്ങൾ കണക്കിലെടുത്ത് അവിടെ ടൂറിസ്റ്റുകൾക്ക് അത്യാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കും മുൻഗണന നൽകിയിട്ടുണ്ട്

| | |
|---|---|
| (ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ